ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) ഇതു സംബന്ധിച്ച ആശുപത്രി വികസന സമിതിയുടെ നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ശോച്യാവസ്ഥ

148 [1624] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ കുഷ്ഠരോഗാശുപത്രിയായ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും വിദേശ ഏജൻസികൾ പണം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സാനറ്റോറിയത്തിന്റെ ചുറ്റുമതിൽ പല ഭാഗത്തും ഇടിഞ്ഞു കിടക്കുന്നതിനാൽ ഈ സ്ഥാപനത്തിന്റെ വകയായ സ്ഥലം അന്യാധീനപ്പെടുവാൻ ഇടവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ജർമ്മൻ ലെപ്രസി റിലീഫ് അസോസിയേഷൻ എന്ന സംഘടനയുടെ പ്രതിനിധികൾ ഈ സ്ഥാപനം സന്ദർശിക്കുകയും ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം നല്കുന്നതിന് ചില കൂടിയാലോചനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും തുടർന്ന് ഒരറിയിപ്പും ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി മതിലിന്റെ പണികൾ ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly